# തിരുപ്പിറവിക്കാലം

ഡിസംബർ 25

# കർത്താവിന്റെ തിരുപ്പിറവി

മഹോത്സവം

# ജാഗരപൂജ

ഡിസംബർ 24 വൈകുന്നേരം തിരുപ്പിറവിയുടെ ഒന്നാമത്തെ സായാഹ്ന പ്രാർത്ഥനയ്ക്ക് മുമ്പോപിമ്പോ ഈ ദിവ്യപൂജാപ്രാർത്ഥനകൾ ഉപയോഗിക്കുന്നു.

### പ്രവേശകപ്രഭണിതം Cf. പുറ 16,6-7

കർത്താവ് ആഗതനായി നമ്മെ രക്ഷിക്കുമെന്ന് ഇന്ന് നിങ്ങൾക്കു ബോധ്യമാകും; പുലർച്ചയ്ക്ക് അവിടത്തെ മഹത്ത്വം നിങ്ങൾക്കു ദൃശ്യമാകുകയും ചെയ്യും.

"

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു

### സമിതിപ്രാർത്ഥന

ദൈവമേ, ഞങ്ങളുടെ പരിത്രാണത്തിന്റെ ആണ്ടുതോറുമുള്ള പ്രത്യാശയാൽ ഞങ്ങളെ അങ്ങ് സന്തോഷിപ്പിക്കുന്നുവല്ലോ. അങ്ങനെ അങ്ങയുടെ ഏകജാതനെ രക്ഷകനായി ആഹ്ലാദത്തോടെ സ്വീകരിക്കുന്ന ഞങ്ങൾ, അവിടന്ന് വിധികർത്താവായി വരുമ്പോഴും ആത്മവിശ്വാസത്തോടെ കാണുന്നതിന് അർഹരാകാൻ ഇടയാക്കണമേ. എന്നെന്നും അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു. "മനുഷ്യനായി പിറന്നു" എന്നു ചൊല്ലുമ്പോൾ എല്ലാവരും മുട്ടുകുത്തുന്നു.

### നൈവേദ്യപ്രാർത്ഥന

കർത്താവേ, എത്രത്തോളം ഈ മഹോത്സവങ്ങളിൽ ഞങ്ങളുടെ രക്ഷയുടെ ആരംഭത്തിൽ ഉറച്ചുനില്ക്കണമെന്ന് അങ്ങ് കാണിച്ചുതരുന്നുവോ, അത്രത്തോളം തീക്ഷ്ണമായ ശുശ്രൂഷ ചെയ്ത് അവയിലേക്ക് ഓടിയണയാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

തിരുപ്പിറവിയുടെ ആമുഖഗീതി p.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

### ദിവ്യഭോജനപ്രഭണിതം

Cf. ഏശ 40,5

കർത്താവിന്റെ മഹത്ത്വം വെളിപ്പെടുത്തപ്പെടും; എല്ലാ മനുഷ്യരും നമ്മുടെ ദൈവത്തിന്റെ രക്ഷ ദർശിക്കും.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, അങ്ങയുടെ ഏകജാതന്റെ ജനനം അനുസ്മരിച്ചുകൊണ്ട് ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്ത അവിടത്തെ സ്വർഗീയരഹസ്യങ്ങൾവഴി പരിപോഷിതരാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അവിടന്നുവഴി ഈ പ്രാർത്ഥന കേട്ടരുളണമേ.

ആഘോഷമായ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്. p.

# നിശാപൂജ

ദിവ്യപൂജകൾ പ്രത്യേക സമയങ്ങളിൽ അനുഷ്ഠിക്കുന്നപക്ഷം, കർത്താവിന്റെ തിരുപ്പിറവിയിൽ എല്ലാ പുരോഹിതന്മാർക്കും മൂന്ന് ദിവ്യപൂജ അർപ്പിക്കുകയോ സംയുക്തബലിയിൽ പങ്കുചേരുകയോ ചെയ്യാം.

**പ്രവേശകപ്രഭണിതം** **സങ്കീ 2,7**

കർത്താവ് എന്നോട് അരുൾചെയ്തു: നീ എന്റെ പുത്രനാണ്; ഇന്നു നിനക്കു ഞാൻ ജന്മം നല്കി.

അഥവാ

നമുക്കെല്ലാവർക്കും കർത്താവിൽ ആനന്ദിക്കാം; എന്തെന്നാൽ, നമ്മുടെ രക്ഷകൻ ഈ ലോകത്തിൽ ജാതനായിരിക്കുന്നു. ഇന്നു നമുക്കായി സ്വർഗത്തിൽനിന്ന് യാഥാർത്ഥ സമാധാനം ഇറങ്ങിവന്നിരിക്കുന്നു.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

**സമിതിപ്രാർത്ഥന**

ദൈവമേ, പരിപാവനമായ ഈ രാത്രിയെ സത്യപ്രകാശപ്രചുരിമയാൽ അങ്ങ് പ്രഭാപൂരിതമാക്കിയല്ലോ. ഭൂമിയിൽ അവിടത്തെ പ്രകാശത്തിന്റെ രഹസ്യങ്ങൾ അറിഞ്ഞ ഞങ്ങൾ സ്വർഗത്തിൽ അവിടത്തെ സന്തോഷത്തിലും നിർവൃതിയടയാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു. "മനുഷ്യനായി പിറന്നു"എന്നു ചൊല്ലുമ്പോൾ മുട്ടുകുത്തുന്നു.

## നൈവേദ്യപ്രാർത്ഥന

കർത്താവേ, ഈ ദിനത്തിന്റെ ആഘോഷത്തിന്റെ കാണിക്ക അങ്ങെയ്ക്ക് പ്രീതികരമായി ഭവിക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ പരിപാവനമായ ഈ കൈമാറ്റത്തിലൂടെ അങ്ങയോടുകൂടെ ആയിരിക്കുന്ന ഞങ്ങളുടെ സ്വത്വം അങ്ങേ സാദൃശ്യത്തിൽ കാണപ്പെടാൻ അനുഗ്രഹിക്കണമേ. എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്നഅവിടന്നുവഴി ഈ പ്രാർത്ഥന കേട്ടരുളണമേ.

തിരുപ്പിറവിയുടെ ആമുഖഗീതി P.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

## ദിവ്യഭോജനപ്രഭണിതം — യോഹ 1,14

വചനം മാംസമായി; അവിടത്തെ മഹത്ത്വം നാം ദർശിച്ചു.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളുടെ രക്ഷകന്റെ ജനനം ആഘോഷിക്കുന്നതിൽ സന്തോഷിക്കുന്ന ഞങ്ങൾ ഉചിതമായ ജീവിതശൈലിവഴി അവിടന്നുമായി ഐക്യത്തിലെത്തിച്ചേരാൻ അർഹരാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും ജീവിക്കുകയും...

ആഘോഷമായ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്. **p.**

# പ്രഭാതപൂജ

**പ്രവേശകപ്രഭണിതം** **Cf. ഏശ 9,26; ലൂക്ക 1,33**

ഇന്ന് നമ്മുടെമേൽ ഒരു പ്രകാശം വീശും; എന്തെന്നാൽ, കർത്താവ് നമുക്കായി ജനിച്ചിരിക്കുന്നു. വിസ്മയാവഹനായ ദൈവം, സമാധാനരാജൻ, വരാനിരിക്കുന്ന യുഗപിതാവ് എന്നെല്ലാം അവിടന്നു വിളിക്കപ്പെടും; അവിടത്തെ ഭരണത്തിന് അവസാനമുണ്ടാകില്ല.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

**സമിതിപ്രാർത്ഥന**

സർവശക്തനായ ദൈവമേ, മനുഷ്യാവതാരം ചെയ്ത അങ്ങയുടെ വചനത്തിന്റെ നവ്യപ്രഭയിൽ ഞങ്ങൾ നിറയുമ്പോൾ, വിശ്വാസത്തിലൂടെ മനസ്സിൽ പ്രകാശിപ്പിക്കുന്നത് ഞങ്ങളുടെ ഈ പ്രവൃത്തികളിലും പ്രതിഫലിക്കണമന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു. "മനുഷ്യനായി പിറന്നു"എന്നു ചൊല്ലുമ്പോൾ മുട്ടുകുത്തുന്നു.

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, ഈ ദിനത്തിലെ പിറവിയുടെ രഹസ്യങ്ങളാൽ ഞങ്ങളുടെ കാഴ്ചവസ്തുക്കൾ യോഗ്യമാക്കിത്തീർക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ മനുഷ്യനായി ജനിച്ച അവിടന്ന് ദൈവമായും പ്രശോഭിച്ചതുപോലെ ഈ ഭൗമികവസ്തുക്കൾ ദൈവികമായവ ഞങ്ങൾക്കു പ്രദാനംചെയ്യട്ടെ. കർത്താവായ...

തിരുപ്പിറവിയുടെ ആമുഖഗീതി P.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

### ദിവ്യഭോജനപ്രഭണിതം Cf. സഖ 9,9

സിയോൻപുത്രീ, ആനന്ദിച്ചാലും. ജെറുസലേംപുത്രീ, ആർപ്പുവിളിച്ചാലും. ഇതാ, പരിശുദ്ധനും ലോകത്തിന്റെ രക്ഷകനുമായ നിന്റെ രാജാവ് വരുന്നു.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, അങ്ങയുടെ പുത്രന്റെജനനം ആനന്ദഭക്തിയോടെ ആചരിക്കുന്ന ഞങ്ങൾക്ക് ഈ രഹസ്യത്തിന്റെ നിഗൂഢത വിശ്വാസത്താൽ ഗ്രഹിക്കുന്നതിനും പൂർണമായവ കൂടുതൽ സ്നേഹത്തിന്റെ തീക്ഷ്ണതയോടെ വിലമതിക്കുന്നതിനും ഇട വരുത്തണമേ. കർത്താവായ...

ആഘോഷമായ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്. **p.**

# ദിനപൂജ

**പ്രവേശകപ്രഭണിതം** **ഏശ 9, 6**

നമുക്കായി ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും. അവൻ വിസ്മയനീയമായ ഉപദേശത്തിന്റെ ദൂതൻ എന്നപേരിൽ വിളിക്കപ്പെടും.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

**സമിതിപ്രാർത്ഥന**

മനുഷ്യപ്രകൃതിയുടെ മഹത്ത്വം അദ്ഭുതകരമായി രൂപപ്പെടുത്തുകയും അതിനെക്കാൾ അദ്ഭുതകരമായി സമുദ്ധരിക്കുകയും ചെയ്ത ദൈവമേ, ഞങ്ങളുടെ മനുഷ്യപ്രകൃതിയിൽ ഭാഗഭാക്കാകാൻ തിരുമനസ്സായ അവിടത്തെ ദൈവികതയിൽ ഞങ്ങളെയും പങ്കുകാരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു. "മനുഷ്യനായി പിറന്നു"എന്നു ചൊല്ലുമ്പോൾ മുട്ടുകുത്തുന്നു.

**നൈവേദ്യപ്രാർത്ഥന**

ദൈവാരാധനയുടെ പൂർണിമ ഞങ്ങൾക്കായി സമാരംഭിച്ചതും ഞങ്ങളുടെ അനുരഞ്ജനത്തിന്റെ പരിപൂർണസംപ്രീതിക്കു കാരണഭൂതവുമായ ഈ മഹോത്സവദിനത്തിലെ കാഴ്ച്ചദ്രവ്യം അങ്ങേക്ക് സ്വീകാര്യമാകുമാറാകട്ടെ. കർത്താവായ...

തിരുപ്പിറവിയുടെ ആമുഖഗീതി P.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 97,3**

ഭൂമിയുടെ അതിർത്തികളെല്ലാം നമ്മുടെ ദൈവത്തിന്റെ രക്ഷ കണ്ടിരിക്കുന്നു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കാരുണ്യവാനായ ദൈവമേ, ഈദിവസം ഭൂജാതനായ ലോകരക്ഷകൻ ഞങ്ങൾക്ക് ദൈവികജന്മത്തിന്റെ കർത്താവായിരിക്കുന്നതുപോലെ, അവിടന്നുതന്നെ അമർത്യതയുടെയും ദാതാവായിരിക്കാനും വരമരുളണമേ. എന്നെന്നും ജീവിക്കുകയും...

ആഘോഷമായ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്. **p.**

തിരുപ്പിറവി കഴിഞ്ഞ് അഷ്ടദിനങ്ങൾക്കുള്ളിൽ വരുന്ന ഞായറാഴ്ച, അതില്ലെങ്കിൽ ഡിസംബർ 30

# യേശുവിന്റെയും മറിയത്തിന്റെയും ജോസഫിന്റെയും തിരുകുടുംബം

## തിരുനാൾ

### പ്രവേശകപ്രഭണിതം ലൂക്കാ 2,16

ആട്ടിടയന്മാർ അതിവേഗം പോയി, മറിയത്തെയും യൗസേപ്പിനെയും പുല്ത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെയും കണ്ടു.

"അത്യുന്നതങ്ങളിൽ." ചൊല്ലുന്നു

### സമിതിപ്രാർത്ഥന

തിരുകുടുംബത്തിന്റെ ഉത്തമമാതൃക ഞങ്ങൾക്കു നല്കാൻ തിരുമനസ്സായ ദൈവമേ, കുടുംബസുകൃതങ്ങളിലും സ്നേഹശൃംഖലകളിലും അവരെ പിൻചെന്ന് അങ്ങയുടെ ഭവനത്തിന്റെ സന്തോഷത്തിൽ നിത്യസമ്മാനമനുഭവിക്കാൻ കരുണാപൂർവം ഇടയാക്കണമേ. അങ്ങയോടുകൂടെ...

ഞായറാഴ്ചയാണ് ഈ തിരുനാൾ ആഘോഷിക്കുന്നതെങ്കിൽ വിശ്വാസപ്രമാണം ചൊല്ലുന്നു.

### നൈവേദ്യപ്രാർത്ഥന

കർത്താവേ, താഴ്മയോടെ പ്രാർത്ഥിച്ചുകൊണ്ട് ഈ പരിഹാരബലി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്നു. കന്യകയായ ദൈവമാതാവിന്റെയും വിശുദ്ധ യൗസേപ്പിന്റെയും മദ്ധ്യസ്ഥസഹായത്താൽ ഞങ്ങളുടെ കുടുംബങ്ങൾ അങ്ങയുടെ കൃപയിലും സമാധാനത്തിലും ഉറപ്പിച്ചുനിർത്തണമേ. കർത്താവായ...

തിരുപ്പിറവിയുടെ ആമുഖഗീതി P.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **ബാറൂ 3,38**

നമ്മുടെദൈവം ഭൂമിയിൽ പ്രത്യക്ഷപ്പെടുകയും മനുഷ്യരോടു സഹവസിക്കുകയും ചെയ്തു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കാരുണ്യവാനായ പിതാവേ, സ്വർഗീയകൂദാശകളാൽ പരിപോഷിതരായ ഇവരെ തിരുകുടുംബത്തിന്റെ മാതൃക നിരന്തരം അനുകരിക്കാൻ അനുഗ്രഹിക്കണമേ. അങ്ങനെ ഈ ലോകജീവിതത്തിന്റെ കഷ്ടതകൾക്കുശേഷം അവരുമായുള്ള കൂട്ടായ്മയിൽ ഞങ്ങൾ എന്നേക്കും പങ്കുകാരാകാൻ ഇടയാക്കണമേ. കർത്താവായ...

## ഡിസംബർ 29

## കർത്താവിന്റെ തിരുപ്പിറവിയുടെ അഷ്ടദിനങ്ങളിലെ അഞ്ചാംദിനം

### പ്രവേശകപ്രഭണിതം യോഹ 3,16

അവനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏകജാതനെ നല്കാൻതക്ക വിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

### സമിതിപ്രാർത്ഥന

അങ്ങയുടെ പ്രകാശത്തിന്റെ ഉദയംവഴി ലോകാന്ധകാരമക റ്റിയ സർവശക്തനും അദൃശ്യനുമായ ദൈവമേ, പ്രശാന്തമായ കടാക്ഷത്താൽ ഞങ്ങളെ നോക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കു ന്നു. അങ്ങനെ അങ്ങയുടെ ഏകജാതന്റെ ജനനത്തിന്റെ മഹത്ത്വം ഉചിതമായ സ്തുതികളോടെ ഞങ്ങൾ വാഴ്ത്തിപ്പുകഴ്ത്തുമാറാ കട്ടെ. എന്നെന്നും അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർത്ഥന

കർത്താവേ, മഹത്ത്വപൂർണമായ കൈമാറ്റം നിവർത്തിക്കുന്ന ഞങ്ങളുടെ കാഴ്ചവസ്തുക്കൾ അങ്ങ് സ്വീകരിക്കണമേ. അങ്ങനെ അങ്ങുനല്കിയവ സമർപ്പിക്കുന്ന ഞങ്ങളെ അങ്ങയെത്തന്നെ സ്വീകരിക്കാൻ യോഗ്യരാക്കണമേ. കർത്താവായ...

തിരുപ്പിറവിയുടെ ആമുഖഗീതി p.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

### ദിവ്യഭോജനപ്രഭണിതം ലൂക്കാ 1,78

നമ്മുടെ ദൈവത്തിന്റെ ആർദ്രമായ കരുണയാൽ ഉന്നത ത്തിൽനിന്നുള്ള ഉദയസൂര്യൻ നമ്മെ സന്ദർശിച്ചു.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

സർവശക്തനായ ദൈവമേ, പരിശുദ്ധമായ ഈ ദിവ്യരഹ സ്യങ്ങളുടെ ശക്തിയാൽ ഞങ്ങളുടെജീവിതം നിരന്തരം ശക്തി പ്പെടാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

# ഡിസംബർ 30

## കർത്താവിന്റെ തിരുപ്പിറവിയുടെ അഷ്ടദിനങ്ങളിലെ ആറാംദിനം

തിരുപ്പിറവിയുടെ അഷ്ടദിനങ്ങളിൽ ഞായറാഴ്ചയില്ലെങ്കിൽ യേശുവിന്റെയും മറിയത്തിന്റെയും യൗസേപ്പിന്റെയും തിരുകുടുംബതിരുനാൾ ഈ ദിവസം ആഘോഷിക്കുന്നു.

### പ്രവേശകപ്രഭണിതം ജ്ഞാനം 18,14-15

സമസ്തവും നിശ്ശബ്ദതയിലാണ്ടിരിക്കേ, പാതിരാസമയത്ത് കർത്താവേ, അങ്ങയുടെ സർവശക്തമായവചനം സ്വർഗത്തിലെ രാജകീയസിംഹാസനങ്ങളിൽനിന്നു വന്നു.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

### സമിതിപ്രാർത്ഥന

സർവശക്തനായ ദൈവമേ, അതിപ്രാചീനമായ അടിമത്തം പാപത്തിന്റെ നുകത്തിനുകീഴിലാക്കിയ ഞങ്ങളെ അങ്ങയുടെ ഏകജാതന്റെ മാംസത്തിലൂടെയുള്ള പുതുജനനം മോചിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർത്ഥന

കർത്താവേ, അങ്ങയുടെ ജനത്തിന്റെ കാഴ്ചദ്രവ്യങ്ങൾ പ്രീതിപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ ഭക്തിപുരസ്സരമായവിശ്വാസത്താൽ അവർ പ്രഖ്യാപിക്കുന്നവ സ്വർഗീയകൂദാശകളാൽ സ്വന്തമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

തിരുപ്പിറവിയുടെ ആമുഖഗീതി P.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **യോഹ 1,16**

അവന്റെ പൂർണതയിൽനിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

അങ്ങയുടെ കൂദാശയുടെ പങ്കാളിത്തംവഴി ഞങ്ങളെ സ്പർശിക്കുന്ന ദൈവമേ, അതിന്റെ ശക്തിയുടെ ഫലം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രവർത്തിപ്പിക്കണമേ. അങ്ങനെ അങ്ങയുടെ ദാനം സ്വീകരിക്കാൻ, അതേദാനത്തിലൂടെ ഞങ്ങൾ യോഗ്യരാക്കപ്പെടുമാറാകട്ടെ. കർത്താവായ...

# ഡിസംബർ 31

## കർത്താവിന്റെ തിരുപ്പിറവിയുടെ അഷ്ടദിനങ്ങളിലെ ഏഴാംദിനം

### പ്രവേശകപ്രഭണിതം ഏശ 9,6

നമുക്കായി ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും. അവൻ വിസ്മയനീയമായ ഉപദേശത്തിന്റെദൂതൻ എന്നപേരിൽ വിളിക്കപ്പെടും.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

### സമിതിപ്രാർത്ഥന

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ പുത്രന്റെ തിരുപ്പിറവിയിൽ സർവമതങ്ങളുടെയും ആരംഭവും പൂർത്തീകരണവും സംസ്ഥാപിതമാക്കിയല്ലോ. മാനവരക്ഷ മുഴുവന്റെയും പാരമ്യം ഉൾക്കൊള്ളുന്ന അവിടത്തെഗണത്തിൽ എണ്ണപ്പെടാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർത്ഥന

യഥാർത്ഥ ആരാധനയുടെയും ശാന്തിയുടെയും ഉടയവനായ ദൈവമേ, ഈ കാഴ്ചദ്രവ്യംവഴി അങ്ങയുടെ മഹിമ അർഹമാംവിധം ഞങ്ങൾ ആദരിക്കാനും ദിവ്യരഹസ്യങ്ങളുടെ ഭാഗാഭാഗിത്വംവഴി സർവാത്മനാ വിശ്വസ്തതയോടെ ഐക്യപ്പെടാനും അനുഗ്രഹിക്കണമേ. കർത്താവായ...

തിരുപ്പിറവിയുടെ ആമുഖഗീതി P.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

### ദിവ്യഭോജനപ്രഭണിതം 1 യോഹ 4,9

അവൻവഴി നാം ജീവിക്കേണ്ടതിന് ദൈവം തന്റെ ഏകജാതനെ ലോകത്തിലേയ്ക്കയച്ചു.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, വിവിധമാർഗങ്ങളിലൂടെ പരിപാലിക്കപ്പെടുന്ന അങ്ങയുടെ ജനം, ഇപ്പോഴും ഭാവിയിലും അങ്ങയുടെ കാരുണ്യത്തിന്റെ സൗഖ്യം അനുഭവിക്കുമാറാകട്ടെ. അങ്ങനെ കടന്നുപോകുന്ന വസ്തുക്കളുടെ അനിവാര്യമായ സമാശ്വാസത്താൽ ശക്തിപ്പെട്ട് ശാശ്വതമായവയ്ക്കുവേണ്ടി കൂടുതൽ വിശ്വസ്തതയോടെ പരിശ്രമിക്കാൻ ഇടയാകട്ടെ. കർത്താവായ...

**ജനുവരി 1**

## കര്‍ത്താവിന്റെ പിറവിയുടെ എട്ടാമിടം
# ദൈവമാതാവായ പരിശുദ്ധ മറിയത്തിന്റെ മഹോത്സവം

### പ്രവേശകപ്രഭണിതം

സ്വര്‍ഗവും ഭൂമിയും എന്നാളും വാണരുളുന്ന രാജാവിന് ജന്മം നല്കുന്ന പരിശുദ്ധജനനീ, സ്വസ്തി.

**അഥവാ** **Cf. ഏശ 9,26; ലൂക്കാ 1,33**

ഇന്ന് നമ്മുടെമേല്‍ ഒരു പ്രകാശംവീശും. എന്തെന്നാല്‍, കര്‍ത്താവ് നമുക്കായി ജനിച്ചിരിക്കുന്നു. വിസ്മയാവഹനായ ദൈവം, സമാധാനരാജന്‍, വരാനിരിക്കുന്ന യുഗപിതാവ് എന്നെല്ലാം അവിടന്ന് വിളിക്കപ്പെടും; അവിടത്തെഭരണത്തിന് അവസാനമുണ്ടാകില്ല.

"അത്യുന്നതങ്ങളില്‍" ചൊല്ലുന്നു.

### സമിതിപ്രാര്‍ത്ഥന

പരിശുദ്ധമറിയത്തിന്റെ ഫലദായകമായ കന്യാത്വംവഴി മനുഷ്യവര്‍ഗത്തിന് നിത്യരക്ഷയുടെ സമ്മാനം പ്രദാനംചെയ്ത ദൈവമേ, ജീവന്റെ ഉടയവനായ അങ്ങയുടെപുത്രനെ സ്വീകരിക്കാന്‍ ഞങ്ങളെ അര്‍ഹരാക്കിയ അവള്‍വഴി ഞങ്ങള്‍ക്കുവേണ്ടിയുള്ള അവളുടെ മാദ്ധ്യസ്ഥ്യമനുഭവിക്കാന്‍ അനുഗ്രഹിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

ദൈവമേ, അങ്ങയുടെ കാരുണ്യത്തിൽ എല്ലാനന്മകളും ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്ന ദൈവമേ, പരിശുദ്ധ ദൈവമാതാവിന്റെ മഹോത്സവത്തിൽ സന്തോഷിക്കുന്ന ഞങ്ങൾ, അങ്ങയുടെ കൃപയുടെ ആരംഭത്തെക്കുറിച്ച് അഭിമാനിക്കുന്നതുപോലെ അതിന്റെ പൂർത്തീകരണത്തിലും ആനന്ദിക്കാൻ ഇടയാക്കണമേ. കർത്താവായ...

പരിശുദ്ധ കന്യകാമറിയത്തിന്റെ ആമുഖഗീതി.

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക “അനുസ്മരണപ്രാർത്ഥന” ചൊല്ലുന്നു.

## ദിവ്യഭോജനപ്രഭണിതം ഹെബ്രാ 13,8

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾതന്നെ.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, സ്വർഗീയകൂദാശകൾ ഞങ്ങൾ സന്തോഷപൂർവം സ്വീകരിച്ചുവല്ലോ. നിത്യകന്യകയായ പരിശുദ്ധ മറിയത്തെ അങ്ങേപുത്രന്റെ മാതാവും സഭയുടെ അമ്മയുമായി പ്രകീർത്തിക്കുന്നതിൽ അഭിമാനംകൊള്ളുന്ന ഞങ്ങളെ, അവ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

ആഘോഷമായ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്. p.

തുടർന്നുള്ള ദിവസങ്ങളിൽ ഇടദിവസങ്ങളിലെ ദിവ്യപൂജയാണ് അർപ്പിക്കുന്നതെങ്കിൽ താഴെകൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ ഉപയോഗിക്കുന്നു. p.

# തിരുപ്പിറവിക്കുശേഷം രണ്ടാംഞായർ

**പ്രവേശകപ്രഭണിതം** **ജ്ഞാനം 18,14-15**

സമസ്തവും നിശ്ശബ്ദതയിലാണ്ടിരിക്കേ, പാതിരാസമയത്ത് കർത്താവേ, അങ്ങയുടെ സർവശക്തമായ വചനം സ്വർഗത്തിലെ രാജകീയസിംഹാസനങ്ങളിൽനിന്നു വന്നു.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

**സമിതിപ്രാർത്ഥന**

സർവശക്തനും നിത്യനുമായ ദൈവമേ, വിശ്വാസികളുടെ ആത്മാവിന്റെ പ്രഭയായ അങ്ങയുടെ മഹത്ത്വംകൊണ്ട് ഈ ലോകം നിറയ്ക്കാൻ ദയാപൂർവം തിരുവുള്ളമുണ്ടാകുകയും അങ്ങയുടെ പ്രകാശത്തിന്റെ ശോഭയിൽ അങ്ങയെ എല്ലാ ജനങ്ങൾക്കും വെളിപ്പെടുത്തുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, സ്വർഗീയരാജ്യത്തിന്റെ ജീവിതം വാഗ്ദാനം ചെയ്യപ്പെടുകയും സത്യത്തിന്റെമാർഗം ഞങ്ങൾക്കു വെളിപ്പെടുത്തപ്പെടുകയും ചെയ്ത അങ്ങയുടെ ഏകജാതന്റെ ജനനത്തിൽ, ഞങ്ങളർപ്പിച്ച കാഴ്ചവസ്തുക്കൾ അങ്ങു പവിത്രീകരിക്കണമേ. കർത്താവായ...

തിരുപ്പിറവിയുടെ ആമുഖഗീതി

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 1,12**

തന്നെ സ്വീകരിച്ച എല്ലാവർക്കും ദൈവമക്കളാകാനുള്ള കഴിവ് അവിടന്നു നല്കി.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, ഈ രഹസ്യത്തിന്റെ പ്രവർത്തനത്താൽ ഞങ്ങളുടെ ദുർഗുണങ്ങൾ അകറ്റപ്പെടുകയും ന്യായമായ അഭിലാഷങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യണമെന്ന് ഞങ്ങൾ വിനയപൂർവം അങ്ങയോട് അപേക്ഷിക്കുന്നു. കർത്താവായ...

ആഘോഷമായ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്. **p.**

ജനുവരി 6

# കർത്താവിന്റെ പ്രത്യക്ഷീകരണം

മഹോത്സവം

പ്രത്യക്ഷീകരണത്തിന്റെ മഹോത്സവം കടമുള്ള ദിവസമായി ആചരിക്കുന്നില്ലെങ്കിൽ ജനുവരി 2-നും 8-നും ഇടയ്ക്കുള്ള ഞായറാഴ്ച ഇതിന്റെ പ്രത്യേകദിനമായി നീക്കിവയ്ക്കുന്നു.

# ജാഗരപൂജ

ഈ ദിവ്യപൂജ മഹോത്സവത്തിന്റെ തലേന്ന് ഒന്നാമത്തെ സായാഹ്ന പ്രാർത്ഥനയ്ക്കു മുമ്പോ പിമ്പോ ഉപയോഗിക്കുന്നു.

## പ്രവേശകപ്രഭണിതം — Cf. ബാറൂ 5,5

ജെറുസലെമേ, ഉണർന്നെഴുന്നേല്ക്കുകയും കിഴക്കോട്ടു നോക്കുകയുംചെയ്യുക. സൂര്യനുദിക്കുന്നുടംമുതൽ അസ്തമിക്കുന്നിടംവരെ ശേഖരിക്കപ്പെട്ട അങ്ങയുടെ മക്കളെ കാണുക.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

## സമിതിപ്രാർത്ഥന

കർത്താവേ, അങ്ങയുടെ മഹിമയുടെപ്രഭ ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അതുവഴി, ഈ ലോകത്തിലെ ഇരുൾ അതിജീവിച്ച് നിത്യപ്രകാശത്തിൽ പിതൃഭവനത്തിലെത്തിച്ചേരാൻ ഞങ്ങൾ പ്രാപ്തരാകട്ടെ. അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു

## നൈവേദ്യപ്രാർത്ഥന

കർത്താവേ, അങ്ങയുടെ ഏകജാതന്റെ പ്രത്യക്ഷീകരണത്തിനുവേണ്ടിയും ജനതകളുടെ ആദ്യഫലങ്ങൾക്കുവേണ്ടിയും സമർപ്പിക്കപ്പെട്ട ഞങ്ങളുടെ കാണിക്കകൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, അങ്ങേക്ക് സ്തുതി അർപ്പിക്കപ്പെടുകയും ഞങ്ങൾക്ക് അത് നിത്യരക്ഷയായി ഭവിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

കർത്താവിന്റെ പ്രത്യക്ഷീകരണത്തിന്റെ ആമുഖഗീതി

## ദിവ്യഭോജനപ്രഭണിതം                                   Cf. വെളി 21,23

ദൈവികതേജസ്സ് വിശുദ്ധനഗരമായ ജറുസലെമിനെ പ്രകാശിപ്പിച്ചു; അവിടത്തെപ്രകാശത്തിൽ ജനതകൾ സഞ്ചരിക്കുകയായിരുന്നു.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ദിവ്യഭോജനത്താൽ നവീകൃതരായി എപ്പോഴും ഞങ്ങളുടെ മനസ്സുകളിൽ അങ്ങേ നീതിയുടെനക്ഷത്രം തെളിയാനും ഞങ്ങളുടെനിധി അങ്ങയെ ഏറ്റുപറയുന്നതാകാനും ദിവ്യഭോജനത്താൽ നവീകൃതരായ ഞങ്ങൾ അങ്ങയുടെ കാരുണ്യം യാചിക്കുന്നു. കർത്താവായ...

ആഘോഷമായ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്. p.

# ദിനപൂജ

**പ്രവേശകപ്രഭണിതം** **Cf. മലാ 3,1,1 ദിന 29,12**

ഇതാ, സർവാധീശനായ കർത്താവ് എഴുന്നള്ളുന്നു; രാജ്യവും അധികാരവും ആധിപത്യവും അവിടത്തെ കരങ്ങളിൽ.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നു.

**സമിതിപ്രാർത്ഥന**

അങ്ങയുടെ ഏകജാതനെ നക്ഷത്രത്തിന്റെ മാർഗദർശനത്താൽ ഈദിനത്തിൽ ജനപദങ്ങൾക്കു വെളിപ്പെടുത്തിയ ദൈവമേ, വിശ്വാസംവഴി അങ്ങയെ അറിഞ്ഞ ഞങ്ങൾ അങ്ങയുടെ ഉദാത്തമായ മഹത്ത്വത്തിന്റെ സൗന്ദര്യം ദർശിച്ചാനന്ദിക്കുന്നതുവരെ നയിക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

ഉചിതമെങ്കിൽ പാരമ്പര്യമുള്ളിടത്ത്, ഈ വർഷത്തെ മാറിവരുന്ന തിരുനാളുകൾ സുവിശേഷത്തിനുശേഷം താഴെകൊടുത്തിരിക്കുന്ന രൂപമനുസരിച്ച് പരസ്യപ്പെടുത്താവുന്നതാണ്. pp.

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ സഭയുടെ കാഴ്ചകൾ ദയാപൂർവം തൃക്കൺപാർക്കണമേ. ഞങ്ങൾ ഇവയിലൂടെ കാഴ്ചയർപ്പിക്കുന്നത്, പൊന്നും കുന്തിരിക്കവും മീറയുമല്ല; പ്രത്യുത അതേ കാഴ്ചകൾ, പ്രഘോഷിക്കപ്പെട്ടവനും ബലിയർപ്പിക്കപ്പെട്ടവനും സ്വീകരിക്കപ്പെട്ടവനുമായ യേശുക്രിസ്തുവിനെയാണ്. എന്നെന്നും ജീവിക്കുകയും...

കർത്താവിന്റെ പ്രത്യക്ഷീകരണത്തിന്റെ ആമുഖഗീതി

ഒന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ പ്രത്യേക "അനുസ്മരണപ്രാർത്ഥന" ചൊല്ലുന്നു.

### ദിവ്യഭോജനപ്രഭണിതം Cf. മത്താ 2,2

അവിടത്തെ നക്ഷത്രം ഞങ്ങൾ കിഴക്കു കണ്ടു; കർത്താവിനെ ആരാധിക്കാൻ ഞങ്ങൾ കാഴ്ചകളുമായി വന്നിരിക്കുന്നു.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, സ്വർഗീയദീപ്തിയോടെ എല്ലായ്പ്പോഴും എല്ലായിടത്തും ഞങ്ങൾക്കുമുമ്പേ വരണമേ. അങ്ങനെ അങ്ങ് ഞങ്ങളോടൊത്തു പങ്കുവയ്ക്കാനാഗ്രഹിച്ചരഹസ്യം വ്യക്തമായ ഉൾക്കാഴ്ചയോടെ തിരിച്ചറിയുന്നതിനും ഉചിതമായ താത്പര്യത്തോടെ ഗ്രഹിക്കുന്നതിനും ഇടയാക്കണമേ. കർത്താവായ...

ആഘോഷമായ ആശീർവാദത്തിന്റെരൂപം ഉപയോഗിക്കാവുന്നതാണ്. p.

# തിരുപ്പിറവിക്കാലത്തെ ഇടദിവസങ്ങൾ

ജനുവരി 2 മുതൽ കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാളിനു മുമ്പുള്ള ശനിയാഴ്ചവരെ

സൂചിപ്പിച്ചിരിക്കുന്നതുപോലെ, സമിതിപ്രാർത്ഥന തിരഞ്ഞെടുത്ത് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ ഈ ദിവ്യപൂജാപ്രാർത്ഥനകൾ ഉപയോഗിക്കുന്നു.

## തിങ്കൾ

### പ്രവേശകപ്രഭണിതം

വിശുദ്ധദിനം ഞങ്ങൾക്ക് ഉദയംചെയ്തിരിക്കുന്നു; ജനതകളേ, വരുവിൻ, കർത്താവിനെ ആരാധിക്കുവിൻ. എന്തെന്നാൽ വലിയൊരുപ്രകാശം ഭൂമിയുടെമേൽ ഇറങ്ങിവന്നിരിക്കുന്നു.

### സമിതിപ്രാർത്ഥന

#### പ്രത്യക്ഷീകരണമഹോത്സവത്തിനുമുമ്പ്

കർത്താവേ, വിശ്വാസത്തിന്റെ അലംഘനീയമായ ഉറപ്പ് അങ്ങയുടെ ജനത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, അങ്ങയുടെ ഏകജാതൻ എന്നെന്നും അങ്ങയുടെ മഹത്ത്വത്തിൽ അങ്ങയോടുകൂടെയാണെന്നും യഥാർത്ഥത്തിൽ ഞങ്ങളുടേതുപോലുള്ള ശരീരത്തിൽ കന്യകാമറിയത്തിൽനിന്ന് ജനിച്ചെന്നും പ്രഖ്യാപിക്കുന്നവർ, ഇപ്പോഴത്തെ പരീക്ഷണങ്ങളിൽനിന്നു മോചിതരാകാനും നിത്യംനിലനില്ക്കുന്ന സന്തോഷത്തിൽ ഉൾച്ചേരാനും ഇടവരുത്തണമേ. അങ്ങയോടുകൂടെ...

#### പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം

ദൈവമേ, അങ്ങയുടെ വചനത്തിന്റെ നിത്യത സ്വർഗത്തിന്റെ മുഖം അലങ്കരിക്കുകയും അതേസമയം ഞങ്ങളുടെ ശരീരത്തിന്റെ ബലഹീനത മറിയത്തിൽനിന്നു സ്വീകരിക്കുകയുംചെയ്തുവല്ലോ. സത്യത്തിന്റെ പ്രഭയായി ഞങ്ങളുടെ ഇടയിൽ പ്രത്യക്ഷപ്പെട്ട അവിടന്ന് ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ശക്തിയുടെ പൂർണതയിൽ മുന്നേറട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർത്ഥന

കർത്താവേ, മഹത്ത്വപൂർണമായ കൈമാറ്റം നിവർത്തിക്കുന്ന ഞങ്ങളുടെ കാഴ്ചവസ്തുക്കൾ അങ്ങ് സ്വീകരിക്കണമേ. അങ്ങനെ അങ്ങു നല്കിയവ സമർപ്പിക്കുന്ന ഞങ്ങളെ അങ്ങയെതന്നെ സ്വീകരിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. കർത്താവായ...

പ്രത്യക്ഷീകരണ മഹോത്സവത്തിനുമുമ്പ് തിരുപ്പിറവിയുടെ ആമുഖഗീതി p. പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം പ്രത്യക്ഷീകരണ മഹോത്സവത്തിന്റെയോ തിരുപ്പിറവിയുടെയോ ആമുഖഗീതി. p.

### ദിവ്യഭോജനപ്രഭണിതം യോഹ 1,14

അവിടത്തെ മഹത്ത്വം ഞങ്ങൾ ദർശിച്ചു, കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

സർവശക്തനായ ദൈവമേ, പരിശുദ്ധമായ ഈ ദിവ്യരഹസ്യങ്ങളുടെ ശക്തിയാൽ ഞങ്ങളുടെ ജീവിതം നിരന്തരം ശക്തിപ്പെടാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

# ചൊവ്വ

**പ്രവേശകപ്രഭണിതം** **സങ്കീ 117,26–27**

കർത്താവിന്റെ നാമത്തിൽവരുന്നവൻ അനുഗൃഹീതൻ; ദൈവമായ കർത്താവ് നമുക്ക് പ്രകാശം നല്കുകയും ചെയ്തു.

## സമിതിപ്രാർത്ഥന

### പ്രത്യക്ഷീകരണ മഹോത്സവത്തിനുമുമ്പ്

ദൈവമേ, പരിശുദ്ധ കന്യകാമറിയത്തിന്റെ അനുഗൃഹീതമായ പ്രസവംവഴി അങ്ങയുടെ പുത്രന്റെ ശരീരത്തെ മാനവരാശിയുടെ മേലുള്ള വിധികളിൽനിന്നു കാത്തുസൂക്ഷിച്ചുവല്ലോ. ഈ സൃഷ്ടിയുടെ നവീനതയാൽ ഉൾച്ചേർക്കപ്പെട്ട ഞങ്ങൾ അതി പ്രാചീനമായ പാപക്കറകളിൽനിന്ന് മോചിതരാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

### പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം

ദൈവമേ, അങ്ങയുടെ ഏകജാതൻ ഞങ്ങളുടെ ശരീരത്തിന്റെ സത്തയിൽ പ്രത്യക്ഷപ്പെട്ടുവല്ലോ. ബാഹ്യമായി ഞങ്ങൾക്ക് സദൃശനാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞ അവിടന്നുവഴി, ആന്തരികമായി നവീകരിക്കപ്പെടാൻ ഞങ്ങളെ അർഹരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, അങ്ങയുടെ ജനത്തിന്റെ കാഴ്ച്ചദ്രവ്യങ്ങൾ പ്രീതിപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ ഭക്തിപുരസ്സരമായ വിശ്വാസത്താൽ അവർ പ്രഖ്യാപിക്കുന്നവ സ്വർഗീയകൂദാശകളാൽ സ്വന്തമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

പ്രത്യക്ഷീകരണമഹോത്സവത്തിനുമുമ്പ് തിരുപ്പിറവിയുടെ ആമുഖഗീതി p. ; പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം പ്രത്യക്ഷീകരണ മഹോത്സവത്തിന്റെയോ തിരുപ്പിറവിയുടെയോ ആമുഖഗീതി. p.

**ദിവ്യഭോജനപ്രഭണിതം** **എഫേ 2;4; റോമാ 8,3**

ദൈവം നമ്മെ സ്നേഹിച്ച അവിടത്തെ വലിയ സ്നേഹത്താൽ, പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ അവിടന്ന് തന്റെ പുത്രനെ അയച്ചു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

അങ്ങയുടെ കൂദാശയുടെ പങ്കാളിത്തംവഴി ഞങ്ങളെ സ്പർശിക്കുന്ന ദൈവമേ, അതിന്റെ ശക്തിയുടെ ഫലം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രവർത്തിപ്പിക്കണമേ. അങ്ങനെ അങ്ങയുടെ ദാനം സ്വീകരിക്കാൻ അതേദാനത്തിലൂടെ ഞങ്ങൾ യോഗ്യരാക്കപ്പെടുമാറാകട്ടെ. കർത്താവായ...

# ബുധൻ

**പ്രവേശകപ്രഭണിതം** **ഏശ 9,2**

അന്ധകാരത്തിൽ നടന്നിരുന്ന ജനത വലിയൊരു പ്രകാശം കണ്ടു; മരണത്തിന്റെ നിഴലിൽ വസിച്ചിരുന്നവർക്ക് പ്രകാശം ഉദയംചെയ്തു.

## സമിതിപ്രാർത്ഥന

### പ്രത്യക്ഷീകരണ മഹോത്സവത്തിനുമുമ്പ്

സർവശക്തനായ ദൈവമേ, ലോകത്തിന്റെ പരിത്രാണത്തിനുവേണ്ടി സ്വർഗത്തിന്റെ നവ്യപ്രകാശത്തോടെ ആഗതമായ അങ്ങയുടെ രക്ഷ എപ്പോഴും ഞങ്ങളുടെ ഹൃദയങ്ങളിൽ പുതുമയോടെ ഉദയംചെയ്യാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം

സകലജനതകളെയും പ്രകാശിപ്പിക്കുന്നവനായ ദൈവമേ, ശാശ്വതസമാധാനത്തിന്റെ സന്തോഷം അങ്ങയുടെ ജനത്തിനു നല്കണമേ. ഞങ്ങളുടെ പിതാക്കന്മാരുടെ മാനസങ്ങളിൽ അങ്ങു വർഷിച്ച അതേദീപ്തിപൂരം ഞങ്ങളുടെ ഹൃദയങ്ങളിലും നിറയ്ക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

യഥാർത്ഥ ആരാധനയുടെയും ശാന്തിയുടെയും ഉടയവനായ ദൈവമേ, ഈ കാഴ്ചദ്രവ്യംവഴി അങ്ങയുടെ മഹിമ അർഹമാംവിധം ഞങ്ങൾ ആദരിക്കാനും ദിവ്യരഹസ്യങ്ങളുടെ ഭാഗഭാഗിത്വംവഴി സർവാത്മനാ വിശ്വസ്തതയോടെ ഐക്യപ്പെടാനും അനുഗ്രഹിക്കണമേ. കർത്താവായ...

പ്രത്യക്ഷീകരണമഹോത്സവത്തിനുമുമ്പ് തിരുപ്പിറവിയുടെ ആമുഖഗീതി p. പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം പ്രത്യക്ഷീകരണമഹോത്സവത്തിന്റെയോ തിരുപ്പിറവിയുടെയോ ആമുഖഗീതി. p.

**ദിവ്യഭോജനപ്രഭണിതം** **1 യോഹ 1,2**

പിതാവിനോടുകൂടെ ആയിരുന്ന ജീവൻ വെളിപ്പെടുത്തപ്പെടുകയും നമുക്ക് പ്രത്യക്ഷമാവുകയും ചെയ്തു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, വിവിധമാർഗങ്ങളിലൂടെ പരിപാലിക്കപ്പെടുന്ന അങ്ങയുടെജനം ഇപ്പോഴും ഭാവിയിലും അങ്ങയുടെ കാരുണ്യത്തിന്റെ സൗഖ്യം അനുഭവിക്കുമാറാകട്ടെ. അങ്ങനെ, കടന്നുപോകുന്ന വസ്തുക്കളുടെ അനിവാര്യമായ സമാശ്വാസത്താൽ ശക്തിപ്പെട്ട് ശാശ്വതമായവയ്ക്കുവേണ്ടി കൂടുതൽ വിശ്വസ്തതയോടെ പരിശ്രമിക്കാൻ ഇടയാകട്ടെ. കർത്താവായ...

# വ്യാഴം

**പ്രവേശകപ്രഭണിതം** **Cf. യോഹ 1,1**

ആദിയിലേ, യുഗങ്ങൾക്കുമുമ്പേ വചനം ദൈവമായിരുന്നു. അവിടന്ന് ലോകരക്ഷകനായി ജനിക്കാൻ തിരുമനസ്സായി.

## സമിതിപ്രാർത്ഥന

### പ്രത്യക്ഷീകരണമഹോത്സവത്തിനുമുമ്പ്

അങ്ങയുടെ ഏകജാതന്റെ ജനനംവഴി അങ്ങയുടെ ജനത്തിനായി പരിത്രാണകർമം അദ്ഭുതകരമാംവിധം ആരംഭിച്ച ദൈവമേ, അങ്ങയുടെ ദാസർക്ക് വിശ്വാസത്തിന്റെ ഉറപ്പു നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ അവിടത്തെ മാർഗനിർദേശത്താൽ മഹത്ത്വത്തിന്റെ വാഗ്ദാനംചെയ്യപ്പെട്ട സമ്മാനത്തിലേക്ക് എത്തിച്ചേരാൻ ഇടയാക്കണമേ. എന്നെന്നും അങ്ങയോടുകൂടെ...

### പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം

അങ്ങയുടെ പുത്രൻവഴി സർവജനതകൾക്കുംവേണ്ടിയുള്ള അങ്ങേ നിത്യതയുടെ പ്രകാശമുദിപ്പിച്ച ദൈവമേ, അങ്ങയുടെ ജനം അവിടത്തെ പ്രഭാവത്താൽ നിത്യമഹത്ത്വത്തിലേക്ക് എത്തിച്ചേരാൻവേണ്ടി അവരുടെ രക്ഷകന്റെ പൂർണപ്രഭ തിരിച്ചറിയാൻ ഇടയാക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, മഹത്ത്വപൂർണമായ കൈമാറ്റം നിവർത്തിക്കുന്ന ഞങ്ങളുടെ കാഴ്ചവസ്തുക്കൾ അങ്ങ് സ്വീകരിക്കണമേ. അങ്ങനെ, അങ്ങുനല്കിയവ സമർപ്പിക്കുന്ന ഞങ്ങളെ അങ്ങയെത്തന്നെ സ്വീകരിക്കാൻ യോഗ്യരാക്കണമേ. കർത്താവായ...

പ്രത്യക്ഷീകരണ മഹോത്സവത്തിനുമുമ്പ് തിരുപ്പിറവിയുടെ ആമുഖഗീതി p. പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം പ്രത്യക്ഷീകരണമഹോത്സവത്തിന്റെയോ തിരുപ്പിറവിയുടെയോ ആമുഖഗീതി. p.

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 1,78**

നമ്മുടെ ദൈവത്തിന്റെ ആർദ്രമായ കരുണയാൽ ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യൻ നമ്മെ സന്ദർശിച്ചു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

സർവശക്തനായ ദൈവമേ, പരിശുദ്ധമായ ഈ ദിവ്യരഹസ്യങ്ങളുടെ ശക്തിയാൽ ഞങ്ങളുടെ ജീവിതം നിരന്തരം ശക്തിപ്പെടാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

# വെള്ളി

**പ്രവേശകപ്രഭണിതം** **സങ്കീ 111, 4**

പരമാർത്ഥഹൃദയർക്ക് അന്ധകാരത്തിൽ ഒരു പ്രകാശം ഉദയംചെയ്തു. കർത്താവ് കാരുണ്യവാനും കൃപാലുവും നീതിമാനുമാണ്.

## സമിതിപ്രാർത്ഥന

### പ്രത്യക്ഷീകരണമഹോത്സവത്തിനുമുമ്പ്

കർത്താവേ, അങ്ങയുടെ വിശ്വാസികളെ കനിവാർന്ന് പ്രകാശിപ്പിക്കുകയും അങ്ങയുടെ മഹത്ത്വത്തിന്റെ പ്രഭകൊണ്ട് അവരുടെ ഹൃദയങ്ങൾ സദാ ജ്വലിപ്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, അവരുടെ രക്ഷകനെ അവിരാമം ഏറ്റുപറയുന്നതിനും അവിടത്തെ സത്യമായും ഉൾക്കൊള്ളുന്നതിനും ഇടയാക്കണമേ. എന്നെന്നും അങ്ങയോടുകൂടെ...

### പ്രത്യക്ഷീകരണമഹോത്സവത്തിനുശേഷം

സർവശക്തനായ ദൈവമേ, നക്ഷത്രത്തിന്റെ മാർഗനിർദേശത്താൽ വെളിപ്പെടുത്തപ്പെട്ട ലോകരക്ഷകന്റെ ജനനം ഞങ്ങളുടെ മനസ്സിൽ എന്നും വെളിപ്പെടാനും വളരാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, അങ്ങയുടെ ജനത്തിന്റെ കാഴ്ചദ്രവ്യങ്ങൾ പ്രീതിപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, ഭക്തിപുരസ്സരമായ വിശ്വാസത്താൽ അവർ പ്രഖ്യാപിക്കുന്നവ സ്വർഗീയകൂദാശകളാൽ സ്വന്തമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

പ്രത്യക്ഷീകരണ മഹോത്സവത്തിനുമുമ്പ് തിരുപ്പിറവിയുടെ ആമുഖഗീതി p. പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം പ്രത്യക്ഷീകരണ മഹോത്സവത്തിന്റെയോ തിരുപ്പിറവിയുടെയോ ആമുഖഗീതി p.

**ദിവ്യഭോജനപ്രഭണിതം** **1 യോഹ 4,9**

തന്റെ ഏകജാതൻവഴി നാം ജീവിക്കേണ്ടതിന് ദൈവം അവിടത്തെ ലോകത്തിലേക്കയച്ചു; അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

അങ്ങയുടെ കൂദാശയുടെ പങ്കാളിത്തംവഴി ഞങ്ങളെ സ്പർശിക്കുന്ന ദൈവമേ, അതിന്റെ ശക്തിയുടെ ഫലം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രവർത്തിപ്പിക്കണമേ. അങ്ങനെ അങ്ങയുടെ ദാനം സ്വീകരിക്കാൻ, അതേദാനത്തിലൂടെ ഞങ്ങൾ യോഗ്യരാക്കപ്പെടുമാറാകട്ടെ. കർത്താവായ...

# ശനി

**പ്രവേശകപ്രഭണിതം** **ഗലാ 4,4-5**

നമുക്ക് ദത്തുപുത്രസ്ഥാനം ലഭിക്കാൻ സ്ത്രീയിൽനിന്നു ജാതനാക്കിയ തന്റെ പുത്രനെ ദൈവം അയച്ചു.

## സമിതിപ്രാർത്ഥന

### പ്രത്യക്ഷീകരണമഹോത്സവത്തിനുമുമ്പ്

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ ഏകജാതന്റെ ആഗമനംവഴി, നവ്യദീപ്തിയാൽ പ്രകാശിപ്പിക്കാൻ അങ്ങ് തിരുമനസ്സായല്ലോ. കന്യകയുടെ പ്രസവംവഴി ഞങ്ങളുടെ ശാരീരികപ്രകൃതിയിൽ അവിടന്ന് പങ്കുചേരാൻ ഞങ്ങൾ യോഗ്യരായതുപോലെ, അവിടത്തെ കൃപയുടെ രാജ്യത്തിൽ പങ്കുകാരാകാനും ഞങ്ങളെ യോഗ്യരാക്കാൻ അനുഗ്രഹിക്കണമേ. എന്നെന്നും അങ്ങയോടുകൂടെ...

### പ്രത്യക്ഷീകരണ മഹോത്സവത്തിനുശേഷം

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ ഏകജാതൻവഴി അങ്ങേക്കായി ഞങ്ങളെ ഒരു പുതിയ സൃഷ്ടിയാക്കിയല്ലോ. അവനിലാണല്ലോ ഞങ്ങളുടെപ്രകൃതി അങ്ങയോടൊത്തായിരിക്കുന്നതും. അവിടത്തെ കൃപയാൽ ഞങ്ങൾ അവിടത്തെ രൂപത്തിലും കാണപ്പെടാനിടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

യഥാർത്ഥ ആരാധനയുടെയും ശാന്തിയുടെയും ഉടയവനായ ദൈവമേ, ഈ കാഴ്ചദ്രവ്യംവഴി അങ്ങയുടെ മഹിമ അർഹമാംവിധം ഞങ്ങൾ ആദരിക്കാനും ദിവ്യരഹസ്യങ്ങളുടെ ഭാഗഭാഗിത്വംവഴി സർവാത്മനാ വിശ്വസ്തതയോടെ ഐക്യപ്പെടാനും അനുഗ്രഹിക്കണമേ. കർത്താവായ...

പ്രത്യക്ഷീകരണമഹോത്സവത്തിനുമുമ്പ് തിരുപ്പിറവിയുടെ ആമുഖഗീതി p. ; പ്രത്യക്ഷീകരണമഹോത്സവത്തിനുശേഷം പ്രത്യക്ഷീകരണമഹോത്സവത്തിന്റെയോ തിരുപ്പിറവിയുടെയോ ആമുഖഗീതി p.

**ദിവ്യഭോജനപ്രഭണിതം** **യോഹ 1,16**

അവന്റെ പൂർണതയിൽ നിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, വിവിധമാർഗങ്ങളിലൂടെ പരിപാലിക്കപ്പെടുന്ന അങ്ങയുടെ ജനം, ഇപ്പോഴും ഭാവിയിലും അങ്ങയുടെ കാരുണ്യത്തിന്റെ സൗഖ്യം അനുഭവിക്കുമാറാകട്ടെ. അങ്ങനെ, കടന്നുപോകുന്ന വസ്തുക്കളുടെ അനിവാര്യമായ സമാശ്വാസത്താൽ ശക്തിപ്പെട്ട് ശാശ്വതമായവയ്ക്കുവേണ്ടി കൂടുതൽ വിശ്വസ്തതയോടെ പരിശ്രമിക്കാൻ ഇടയാകട്ടെ. കർത്താവായ...

## ജനുവരി 6 കഴിഞ്ഞുവരുന്ന ഞായറാഴ്ച
# കര്‍ത്താവിന്റെ ജ്ഞാനസ്നാനം
## തിരുനാള്‍

പ്രത്യക്ഷീകരണ മഹോത്സവം ഞായറാഴ്ചയിലേക്കു മാറ്റിവയ്ക്കുന്നിടത്ത്, ഈ ഞായറാഴ്ച ജനുവരി ഏഴിനോ എട്ടിനോ ആണെങ്കില്‍, കര്‍ത്താവിന്റെ ജ്ഞാനസ്നാനതിരുനാള്‍, തുടര്‍ന്നുവരുന്ന തിങ്കളാഴ്ച ആഘോഷിക്കുന്നു.

**പ്രവേശകപ്രഭണിതം** **Cf. മത്താ 3,16-17**

കര്‍ത്താവ് ജ്ഞാനസ്നാനം സ്വീകരിച്ചപ്പോള്‍ സ്വര്‍ഗം തുറക്കപ്പെടുകയും ആത്മാവു പ്രാവിനെപ്പോലെ അവിടത്തെമേല്‍ ആവസിക്കുകയും പിതാവിന്റെ സ്വരം മുഴങ്ങുകയുംചെയ്തു: ഇവന്‍ എന്റെ പ്രിയപുത്രനാകുന്നു; ഇവനില്‍ ഞാന്‍ സംപ്രീതനാണ്.

"അത്യുന്നതങ്ങളില്‍" ചൊല്ലുന്നു

**സമിതിപ്രാര്‍ത്ഥന**

സര്‍വശക്തനും നിത്യനുമായ ദൈവമേ, ജോര്‍ദാന്‍നദിയില്‍ ക്രിസ്തു ജ്ഞാനസ്നാനം സ്വീകരിച്ചശേഷം പരിശുദ്ധാത്മാവ് അവിടത്തെമേല്‍ ഇറങ്ങിവന്നപ്പോള്‍, അങ്ങയുടെ പ്രിയപുത്രനായി അവിടത്തെ സാഘോഷം അങ്ങ് പ്രഖ്യാപിച്ചുവല്ലോ. ജലത്താലും പരിശുദ്ധാത്മാവാലും പുതുജന്മംപ്രാപിച്ച അങ്ങയുടെ ദത്തുപുത്രര്‍ അങ്ങയുടെ പ്രീതിയില്‍ എന്നും നിലനില്ക്കാന്‍ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, അങ്ങയുടെ ഏകജാതൻ ഞങ്ങളുടെ ശരീരത്തിന്റെ സത്തയിൽ പ്രത്യക്ഷപ്പെട്ടുവല്ലോ. ബാഹ്യമായി ഞങ്ങൾക്കു സദൃശനാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞ അവിടന്നുവഴി, ആന്തരികമായി നവീകരിക്കപ്പെടാൻ ഞങ്ങളെ അർഹരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ..

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ പ്രിയപുത്രന്റെ ഈ വെളിപ്പെടുത്തലിൽ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന കാഴ്ചദ്രവ്യങ്ങൾ സ്വീകരിക്കണമേ. അങ്ങനെ, അങ്ങയുടെ വിശ്വാസികളുടെ ബലിവസ്തു ലോകത്തിന്റെ പാപങ്ങൾ കരുണാപൂർവം കഴുകികളയാൻ തിരുവുള്ളമായ അവിടത്തെ ബലിയായി പരിണമിപ്പിക്കുമാറാകണമേ. എന്നെന്നും ജീവിക്കുകയും ...

**ആമുഖഗീതി: കർത്താവിന്റെ ജ്ഞാനസ്നാനം**

പുരോ : കർത്താവു നിങ്ങളോടുകൂടെ.

ജനം : അങ്ങയുടെ ആത്മാവോടുംകൂടെ.

പുരോ : ഹൃദയങ്ങൾ ഉയർത്തുവിൻ.

ജനം : കർത്താവിങ്കലേക്ക് ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പുരോ : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

ജനം : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ,

സർവശക്തനും നിത്യനുമായ ദൈവമേ,

എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതയർപ്പിക്കുന്നത്
യഥാർത്ഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവു മാണല്ലോ.
അങ്ങ് ജോർദാനിൽ വച്ച്
അദ്ഭുതകരമായ രഹസ്യങ്ങളാൽ
ഒരു നവസ്നാനം കാണിച്ചുതന്നു.
അങ്ങനെ, സ്വർഗത്തിൽനിന്നിറങ്ങിവന്ന ശബ്ദത്തിലൂടെ
അങ്ങയുടെവചനം മനുഷ്യരുടെയിടയിൽ വസിക്കുന്നു
എന്നു വിശ്വസിക്കപ്പെടാൻ ഇടയാക്കി;
മാത്രമല്ല, പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന ആത്മാവിലൂടെ
അങ്ങയുടെ ദാസനായ ക്രിസ്തു
ആനന്ദതൈലത്താൽ അഭിഷേകംചെയ്യപ്പെട്ടുവെന്നും
ദരിദ്രരോട് സുവിശേഷം പ്രസംഗിക്കാൻ അയയ്ക്കപ്പെട്ടു എന്നും
അറിയപ്പെടാൻ ഇടയാക്കുകയും ചെയ്തു.

**ആ**കയാൽ, സ്വർഗ്ഗീയശക്തികന്മാരോടുചേർന്ന് ഭൂമിയിൽ ഞങ്ങൾ നിരന്തരം പ്രകീർത്തിക്കുന്നു.
അങ്ങയുടെ മഹാമഹിമയ്ക്കുമുമ്പിൽ
ഞങ്ങൾ അവിരാമം പ്രഘോഷിക്കുന്നു:
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **യോഹ 1,32.34**

ഇതാ, അവനെക്കുറിച്ച് യോഹന്നാൻ പറഞ്ഞത്: ഞാൻ കാണുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു, എന്തെന്നാൽ, അവൻ ദൈവപുത്രനാണ്.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ദിവ്യദാനത്താൽ പരിപോഷിതരായി ഞങ്ങൾ അങ്ങയുടെ കാരുണ്യത്തിന് വിനയപൂർവം പ്രാർത്ഥിക്കുന്നു. അങ്ങനെ, അങ്ങയുടെ ഏകജാതനെ വിശ്വസ്തതയോടെ ശ്രവിച്ചുകൊണ്ട് ഞങ്ങൾ അങ്ങയുടെ യഥാർത്ഥമക്കളായി വിളിക്കപ്പെടാനും അപ്രകാരമായിരിക്കാനും ഇടയാകുമാറാകട്ടെ. കർത്താവായ...

ഈ ഞായറാഴ്ചയ്ക്കു ശേഷംവരുന്ന തിങ്കൾ മുതൽ തപസ്സുകാലത്തിനു മുമ്പുള്ള ചൊവ്വവരെ ആണ്ടുവട്ടമാണ്. ഞായറാഴ്ചയ്ക്കും ഇടദിവസങ്ങൾക്കും വേണ്ടിയുള്ള ദിവ്യപൂജാപ്രാർത്ഥനയ്ക്ക് ..... പേജുമുതലുള്ളത് ഉപയോഗിക്കുന്നു.